# കേരളസർവകലാശാല

നം.പി.ആർ.205/2023 തിരുവനന്തപുരം, തീയതി: 07/10/2023

## പത്രക്കുറിപ്പ്

## കേരളസർവകലാശാല
## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2023

**കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ അവസാനഘട്ട സ്പോട്ട് അലോട്ട്മെന്റ് 2023 ഒക്ടോബർ 10 ന് കേരള സർവകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരത്ത് വച്ച് നടത്തുന്നു**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് 2023 ഒക്ടോബർ 10 ന് കേരള സർവകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരത്ത് വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ച്, അതിൽ തുടരുന്ന വിദ്യാർത്ഥികളെ ടി സ്പോട്ടിൽ പരിഗണിക്കുന്നതല്ല. നിലവിൽ കേരള സർവകലാശാലയിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളെ (അഡ്മിഷൻ ഇല്ലാത്ത) പരിഗണിച്ചതിനു ശേഷമുള്ള ഒഴിവുകളിലേക്ക് ഇതുവരെ അപേക്ഷ നൽകാത്തവരെയും സ്പോട്ടിൽ പരിഗണിക്കുന്നതാണ്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം എല്ലാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ/പകർപ്പ് (including Degree Marklist, Eligibility Certificate, TC, Community Certificate) ഉണ്ടായിരിക്കണം. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (Authorization Letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 200/- രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1030/- രൂപ) അടയ്ക്കേതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ്

യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ് സൈറ്റിൽ (https://admissions.keralauniversity.ac.in/pg2023/) പ്രസിദ്ധീകരിക്കുന്നതാണ്.

## കേരളസർവകലാശാലയിലെ നാല് വർഷ ഗവേഷണാധിഷ്ഠിത ബി.എ. ഓണേഴ്സ് ക്ലാസ്സുകൾ കേരളപ്പിറവി ദിനത്തിൽ ആരംഭിക്കും

കേരളസർവകലാശാലയിലെ നാല് വർഷ ഗവേഷണാധിഷ്ഠിത ബി.എ. ഓണേഴ്സ് ക്ലാസ്സുകൾ കേരളപ്പിറവി ദിനത്തിൽ ആരംഭിക്കും. ലഭിച്ച മുന്നൂറിൽപ്പരം അപേക്ഷകൾ പരിശോധിച്ച് സാധ്യതാ പട്ടിക 2023 ഒക്ടോബർ 9 ന് പ്രസിദ്ധീകരിക്കും. ഒക്ടോബർ 16 ന് സെന്റർ ഫോർ അണ്ടർ ഗ്രാജ്വേറ്റ് സ്റ്റഡീസ് അഡ്മിഷൻ മെമ്മോ ഓൺലൈനായി ലഭ്യമാകും. ഒക്ടോബർ 25 മുതൽ അഡ്മിഷൻ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക (പ്രൊഫ. സാം സോളമൻ, ഡയറക്ടർ, സെന്റർ ഫോർ അണ്ടർ ഗ്രാജ്വേറ്റ് സ്റ്റഡീസ് 9847314237).

## പ്രാക്ടിക്കൽ/പ്രാക്ടിക്കൽ പരീക്ഷ പുനഃക്രമീകരണം

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. (റെഗുലർ - 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2020 അഡ്മിഷൻ, സപ്ലിമെന്ററി - 2018 & 2019 അഡ്മിഷൻ, മേഴ്സി ചാൻസ് - 2014 - 2017 അഡ്മിഷൻ) പരീക്ഷയുടെ മൈക്രോബയോളജിയുടെ കോംപ്ലിമെന്ററി സബ്ജക്റ്റായ ബയോടെക്നോളജി പ്രാക്ടിക്കൽ പരീക്ഷ 2023 ഒക്ടോബർ 17 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്നു . വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. ബയോകെമിസ്ട്രി (കോർ & കോംപ്ലിമെന്ററി) (റെഗുലർ - 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2020 അഡ്മിഷൻ, സപ്ലിമെന്ററി - 2018 & 2019 അഡ്മിഷൻ, മേഴ്സി ചാൻസ് - 2014 - 2017 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷകൾ വിവിധ കോളേജുകളിൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഒക്ടോബർ 19 മുതൽ നടത്താൻ നിശ്ചയിച്ചി രിക്കുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. ജൂലൈ 2023 (റെഗുലർ - 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2020 അഡ്മിഷൻ, സപ്ലിമെന്ററി - 2018 & 2019 അഡ്മിഷൻ, മേഴ്സി ചാൻസ് - 2014 - 2017 അഡ്മിഷൻ) ബോട്ടണി (കോംപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ വിവിധ കോളേജുകളിൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ വിദൂരവിദ്യാഭ്യാസ കേന്ദ്രം 2023 ഏപ്രിലിൽ നടത്തിയ അഞ്ച്, ആറ് സെമസ്റ്റർ ബി.കോം.പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക്

അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾ ടിക്കറ്റുമായി 2023 ഒക്ടോബർ 10 മുതൽ 12 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. VII (ഏഴ്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**